(ബി) ഹോർട്ടികോർപ്പ വഴി വിറ്റഴിക്കുന്ന പച്ചക്കറികളിലേയും പഴങ്ങളിലേയും കീടനാശിനി പ്രയോഗം കണ്ടെത്തുന്നതിനുള്ള പരിശോധന നടത്താറുണ്ടോയെന്നും പരിശോധനയിൽ കീടനാശിനി പ്രയോഗം കണ്ടെത്തിയിട്ടുണ്ടോയെന്നും പറയാമോ?

ഉത്തരം

(എ) അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന എല്ലാ പഴങ്ങളുടെയും പച്ചക്കറികളുടെയും സാമ്പിളുകൾ ചെക്കുപോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്ന് ശേഖരിച്ച് ഭക്ഷ്യസുരക്ഷാകമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള അനലറ്റിക്കൽ ലാബുകളിലും കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസിഡ്യൂടെസ്റ്റിംഗ് ലാബിലേയ്ക്കും അയച്ച് പരിശോധിക്കുകയും കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഹോർട്ടികോർപ്പുവഴി വിറ്റഴിക്കുന്ന പച്ചക്കറികളുടെയും പഴങ്ങളുടെയും സാമ്പിളുകൾ ശേഖരിച്ച് കീടനാശിനിയുടെ അളവ് പരിശോധിച്ചുവരുന്നു. അവയുടെ അളവ് ദോഷകരമായ രീതിയിൽ കണ്ടെത്തിയിട്ടില്ല.

കൃഷിവകുപ്പിൽ നടപ്പിൽ വരുത്താത്ത പദ്ധതികൾ

217 (1594) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിവകുപ്പിൽ, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര വീതം തുക ബഡ്ജറ്റിൽ വകയിരുത്തിയിരുന്നെന്ന് അറിയിക്കുമോ;

(സി) പദ്ധതികൾ ആരംഭിച്ചെങ്കിലും പൂർത്തീകരിക്കാൻ കഴിയാത്തവ ഏതൊക്കെയെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly